(ബി) ഇതിന് എത്ര രൂപ ചെലവായി ?

ഉത്തരം

(എ) 142543 പേർക്ക്.

(ബി) 10,92,27,925 രൂപ.

കശുവണ്ടി തൊഴിലാളികൾക്ക് മിനിമം കൂലി

1362. [2038] ശ്രീ. എം. വി. രാഘവൻ :

,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് മിനിമം കൂലി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ :

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതി ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ;

(ഡി) ഉണ്ടെങ്കിൽ അത് എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നൽകിയിരുന്നു.

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് പ്രഖ്യാപിത മിനിമം കൂലിയും ഡി. എ. യും ലഭിക്കുന്നില്ലായെന്ന് കാണിച്ചുകൊണ്ട് ഒരുകൂട്ടം പരാതികൾ കേരള ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കേസുകളിൻമേൽ ബഹു. ഹൈക്കോടതി സെപ്റ്റംബർ 12-ാം തീയതി വിധി പ്രഖ്യാപിച്ചു. ടി വിധി അനുസരിച്ച് 18-9-1986-ന് അകം തൊഴിലാളികൾക്ക് ലഭിച്ച ആകെ തൊഴിൽ ദിനവും ലഭിക്കേണ്ട കൂലിയും, ലഭിച്ച കൂലിയും, പൊക്കി ലഭിക്കേണ്ട കൂലിയും മറ്റും കാണിച്ച് വിശദമായ സ്റ്റേറ്റ്മെന്റുകൾ കൊല്ലം ജില്ല ലേബർ ഓഫീസർക്ക് നൽകേണ്ടതും, ജില്ല ലേബർ ഓഫീസർ ഇതിൻമേലുള്ള തീരുമാനം, വിവരം ലഭിച്ച് ഒരാഴ്ചക്കകം എടുക്കേണ്ടതുമാണ്. ജില്ലാ ലേബർ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് ഉടമകൾ വേതനം നൽൽകേണ്ടതും ആയത് തൊഴിലാളി സ്വീകരിക്കുന്നില്ലെങ്കിൽ പ്രത്യേക തുക ജില്ല ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ്. തുടർന്ന് ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനും, പരിപ്പ്, നീക്കം ചെയ്യുന്നതിനും അവർക്ക് അവകാശമുണ്ടായിരിക്കും.

കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly